I ഇ.ബി. XV - കേരള നിയമസഭ/X-10

പതിനഞ്ചാം കേരള നിയമസഭ

പത്താം സമ്മേളനം

നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2024 ഫെബ്രുവരി 14, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

**I അടിയന്തരപ്രമേയം**

കർഷക സമൂഹം നേരിടുന്ന പ്രതിസന്ധി

മി. സ്പീക്കർ: കാർഷിക വിളകളുടെ വിലയിടിവും ഉത്പാദന ചെലവിലുണ്ടായ വർദ്ധനയും കടബാധ്യതയും സർക്കാരിന്റെ അവഗണനയുംമൂലം കർഷക സമൂഹം പ്രതിസന്ധി നേരിടുന്നതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച

ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കുറുക്കോളി മൊയ്തീൻ, എൽദോസ് പി. കുന്നപ്പിള്ളിൽ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): കർഷകരുടെ പ്രശ്നങ്ങളിൽ യഥാസമയം ഇടപെട്ട് സാമ്പത്തികമായും സാങ്കേതികമായും അവരെ സഹായിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കാർഷിക മേഖലയെ മുന്നോട്ട് നയിക്കാൻ കഴിയുന്ന പദ്ധതികളാണ് കൃഷി വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പാക്കുന്നത്. 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന പദ്ധതിയിലൂടെ കാർഷിക മേഖലയിൽ ജനപങ്കാളിത്തം ഉയർത്താനും ജനകീയ കൂട്ടായ്മ സൃഷ്ടിക്കാനും സാധിച്ചിട്ടുണ്ട്. കൃഷിക്കൂട്ടങ്ങളെ ഫലപ്രദമായി സംയോജിപ്പിച്ച് 2023-24-ൽ പതിനായിരം ഹെക്ടർ മൂല്യവർദ്ധിത കൃഷിയും ആയിരം മൂല്യവർദ്ധിത ഉത്പന്നങ്ങളും എന്ന ലക്ഷ്യം കൈവരിച്ചുകൊണ്ടിരിക്കുകയാണ്. വിളയിടാധിഷ്ഠിത കൃഷിരീതികൾ പ്രോത്സാഹിപ്പിച്ചും കർഷക ഉത്പാദക സംഘങ്ങൾ രൂപീകരിച്ചും ഉത്പാദന വർദ്ധനയും വിപണിയിൽ ലക്ഷ്യമിട്ട പ്രവർത്തനങ്ങളും നടത്തിക്കൊണ്ടിരിക്കുകയാണ്. നെല്ല്, പച്ചത്തേങ്ങ,

വിവിധയിനം പച്ചക്കറികൾ, റബ്ബർ എന്നിവയ്ക്ക് താങ്ങുവിലയും കുറഞ്ഞ അടിസ്ഥാനവിലയും നിശ്ചയിച്ച് കർഷകരെ സഹായിക്കുന്നതോടൊപ്പം സാങ്കേതിക സഹായങ്ങൾ നേരിട്ട് ലഭ്യമാക്കുന്നതിനായി കൃഷിശ്രീ സെന്ററുകളും ആരംഭിച്ചിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനംമൂലം കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 'കേര' പദ്ധതി നടപ്പാക്കുന്നുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നേതൃത്വത്തിൽ നെല്ല് സംഭരണം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കർഷകർക്ക് യഥാസമയം നെല്ലിന്റെ വില ലഭ്യമാക്കാനുള്ള നടപടി ത്വരിതപ്പെടുത്താൻ ക്യാബിനറ്റ് സബ് കമ്മിറ്റിയും വിദഗ്ദ്ധ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. വാർഷികോത്പാദനം തെങ്ങൊന്നിന് 70 നാളികേരമാക്കി വർദ്ധിപ്പിക്കുകയും പച്ചത്തേങ്ങ സംഭരണം വർഷത്തിൽ 5 തവണകളാക്കുകയും ചെയ്തിട്ടുണ്ട്. നാളികേരത്തിന്റെ സംഭരണവില 34 രൂപയായും നാളികേര കർഷകന്റെ ഭൂപരിധി 15 ഏക്കറായും വർദ്ധിപ്പിച്ചിട്ടുണ്ട്. പച്ചത്തേങ്ങ സംഭരിച്ച് കൊപ്രയാക്കി നാഫെഡിന് നൽകാൻ വി.എഫ്.പി.സി.കെ.-യെ ചുമതലപ്പെടുത്തുകയും നാളികേര ഉത്പാദനത്തിന് പുതുതായി 232 കേരഗ്രാമങ്ങൾ നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. പച്ചക്കറി ഉത്പാദനത്തിൽ ഗണ്യമായ വർദ്ധനവ് കൈവരിക്കാൻ

സാധിച്ചിട്ടുണ്ട്. 2026-ഓടുകൂടി കാർഷികമേഖലയെ മെച്ചപ്പെടുത്തുന്നതിനും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാനുമുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതാണ്.

ശ്രീ. കുറുക്കോളി മൊയ്തീൻ: കേരളത്തിലെ നാളികേര കർഷകർ സമാനതയില്ലാത്ത പ്രതിസന്ധി നേരിടുകയാണ്. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാനും ഈ മേഖലയിലെ പ്രതിസന്ധി തരണം ചെയ്യാനും സർക്കാരിന് സാധിച്ചിട്ടില്ല. 2016-ൽ നിർത്തിവച്ച നാളികേര സംഭരണം 2022-ലാണ് പുനരാരംഭിച്ചത്. 2022-23 വർഷത്തിൽ നാളികേര കൃഷി 760.354 ഹെക്ടറായി ചുരുങ്ങിയതുമൂലം കേരകർഷകർ ദുരിതപൂർണ്ണമായ സാഹചര്യം നേരിടുകയാണ്. യു.ഡി.എഫ്. സർക്കാർ നാളികേരത്തിന്റെ സംഭരണവില വർദ്ധിപ്പിച്ചെങ്കിലും ഈ സർക്കാർ വന്നതോടുകൂടി അത് കുറയുകയാണുണ്ടായത്. കേരളത്തിലെ വർദ്ധിച്ച ഉല്പാദന ചെലവ് സർക്കാർ കാണുന്നില്ല. മുൻ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയതുപോലെ സംഭരണം ഏർപ്പെടുത്താനും കൃഷി സ്ഥലത്തിന്റെ സമീപത്തുതന്നെ ഉല്പന്നങ്ങൾ വിപണനം ചെയ്യാനും പണം കൃത്യമായി കർഷകർക്ക് ലഭ്യമാക്കാനും കാലോചിതമായി നാളികേരത്തിന്റെ വില വർദ്ധിപ്പിച്ച് നൽകാനുമുള്ള

സാഹചര്യമുണ്ടാക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): കേന്ദ്രം ഏർപ്പെട്ടിരിക്കുന്ന കരാറുകളുടെ ഭാഗമായിട്ടാണ് സംസ്ഥാനത്തെ കാർഷികമേഖല ബുദ്ധിമുട്ട് നേരിടുന്നത്. ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിനെതിരെ സമരനടപടികളുമായി മുന്നോട്ടുപോകുമ്പോൾ അതിനെ പിന്തുണയ്ക്കുന്നതിനുപകരം ആക്ഷേപിക്കുന്ന നിലപാടാണ് പ്രതിപക്ഷം സ്വീകരിച്ചത്. കേന്ദ്ര സർക്കാർ നടപ്പാക്കുന്ന കർഷകവിരുദ്ധ നിലപാടുകൾക്കെതിരെ നടപടി സ്വീകരിക്കാൻ സംസ്ഥാന സർക്കാർ സന്നദ്ധമാണ്. കേരഗ്രാമം പദ്ധതി ആരംഭിച്ച സ്ഥലങ്ങളിൽ നാളികേരത്തിന്റെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. പ്രാദേശികമായി നാളികേരം സംഭരിച്ച് കർഷകർക്ക് കൂടുതൽ വില ലഭ്യമാകുന്ന തരത്തിലുള്ള നിലപാടുകൾ സ്വീകരിക്കുന്നുണ്ട്. എല്ലാ പഞ്ചായത്തുകളിലും സംഭരണ കേന്ദ്രം വേണമെന്ന ആവശ്യം പ്രായോഗികമല്ലെങ്കിലും സാമാജികർ ആവശ്യപ്പെടുന്നയിടങ്ങളിൽ മൊബൈൽ സംഭരണ സംവിധാനങ്ങൾ ഉൾപ്പെടെ അനുവദിക്കുന്നതിന് സർക്കാർ സന്നദ്ധമാണ്. നാളികേരത്തിൽനിന്ന് കൂടുതൽ മൂല്യവർദ്ധിത

ഉത്പന്നങ്ങൾ നിർമ്മിക്കുകവഴി കർഷകരുടെ വരുമാനത്തിൽ വർദ്ധനയുണ്ടാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. പാർഷ്യൽ ക്രെഡിറ്റ് ഗ്യാരണ്ടി സ്കീമിന്റെ ഭാഗമായി പുതിയ തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കുന്നതിനും റീ-പ്ലാന്റിംഗ് ഉൾപ്പെടെയുള്ളവയ്ക്കും സഹായം ലഭ്യമാക്കുന്നതാണ്. 25000 ഹെക്ടർ സ്ഥലത്ത് നെൽകൃഷി നടത്തുന്നതിനായി 22 കോടി രൂപ കേര (കേരള ഇക്കണോമിക് റിവൈവൽ പ്രോഗ്രാം) പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. കാർഷിക മേഖലയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് കർഷകരെ ചേർത്തുനിർത്തുന്ന സർക്കാരാണിത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, ശ്രീമതി കെ. കെ. രമ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധക്ഷണിക്കൽ

### (1) വേമ്പനാട്ടുകായലിലേയ്ക്കുള്ള തോടുകളുടെ ശുദ്ധീകരണം

ശ്രീ. തോമസ് കെ. തോമസ്: കുട്ടനാട്ടിലൂടെ വേമ്പനാട്ടുകായലിലേയ്ക്ക് ഒഴുകുന്ന നദികളിലും തോടുകളിലും അടിഞ്ഞുകൂടിക്കിടക്കുന്ന മണൽ, പായൽ, എക്കൽ, പോള എന്നിവ അടിയന്തരമായി നീക്കം ചെയ്ത് ജലനിർഗ്ഗമനം സുഗമമാക്കി മാലിന്യമുക്തമാക്കുന്നതിന് നടപടി സ്വീകരിക്കണം. സ്ഥലം എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ പഞ്ചായത്ത് സെക്രട്ടറിമാരെയും പ്രസിഡന്റുമാരെയും ഉൾപ്പെടുത്തി കുട്ടനാട് മേഖലയിൽ നടക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): കുട്ടനാട്ടിലെ നദികളിലെ നീരൊഴുക്ക് സുഗമമാക്കാൻ വിജയപുരം മുതൽ തോട്ടപ്പള്ളി വരെ ലീഡിംഗ് ചാനലിലെയും തോട്ടപ്പള്ളി സ്പിൽവേ മുതൽ പൊഴി വരെയുള്ള ഭാഗത്തെയും മണൽ, ചെളി എന്നിവ നീക്കം ചെയ്ത് ആഴം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നുണ്ട്. കുട്ടനാട്, അപ്പർ കുട്ടനാട് മേഖലയിലെ വെള്ളക്കെട്ട് പരിഹരിക്കാൻ പ്രധാന നദികളിലെയും അവയുടെ കൈവഴികളിലെയും മണ്ണും ചെളിയും നീക്കം ചെയ്ത് ബണ്ട്

ഉയർത്തി സംരക്ഷിക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. കുറിച്ചിക്കൽ മുതൽ തോട്ടപ്പള്ളി പൊഴിവരെയുള്ള പമ്പയാറിന്റെ ലീഡിംഗ് ചാനലിന്റെ ഇരുകരകളുടെയും സംരക്ഷണത്തിനുള്ള രണ്ട് പ്രോജക്ടുകൾക്കായി 70.30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സമഗ്രമായ പദ്ധതികളിലൂടെ വേമ്പനാട് കായലിന്റെ ആഴംകൂട്ടിയാൽ തോടുകളിലെയും നദികളിലെയും നീരൊഴുക്ക് വർദ്ധിക്കുകയും ജലലഭ്യതയും ജലജന്യരോഗനിവാരണവും സാധ്യമാകുകയും ചെയ്യും. കുട്ടനാട്ടിലെ അടിസ്ഥാനസൗകര്യ വികസനത്തിനായി 100 കോടി രൂപ 2024-25-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതുകൂടാതെ ആലപ്പുഴ, കോട്ടയം ജില്ലകളിലെ പാടശേഖരങ്ങളിലെ വെള്ളപ്പൊക്ക ഭീഷണി ഒഴിവാക്കുന്നതിനായി 57 കോടി രൂപയും പ്രഖ്യാപിച്ചിട്ടുണ്ട്. പഞ്ചായത്ത് മെമ്പർമാരെയും പ്രസിഡന്റുമാരെയും ഉൾപ്പെടുത്തി എം.എൽ.എ.-മാർ തന്നെ അതത് മണ്ഡലങ്ങളിൽ യോഗം വിളിച്ചുചേർത്ത് എം.എൽ.എ. ഫണ്ടും മറ്റും ഉപയോഗിക്കാൻ തയ്യാറാവുകയാണെങ്കിൽ ജലസേചന വകുപ്പിൽനിന്ന് മെക്കാനിക്കൽ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി സമയബന്ധിതമായി ഇത്തരം കാര്യങ്ങൾ ചെയ്യുന്നതിനുള്ള സഹായം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകും.

## (2) ഡോ. വന്ദന ദാസിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട കേസന്വേഷണം

ശ്രീ. മോൻസ് ജോസഫ്: കൊട്ടാരക്കര താലൂക്കാശുപത്രിയിലെ ഹൗസ് സർജനായിരുന്ന ഡോ. വന്ദന ദാസിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുള്ള ആക്ഷേപങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതോടൊപ്പം സംസ്ഥാനത്ത് ഇത്തരത്തിലുള്ള നിഷ്ഠൂരമായ കൊലപാതകങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാനും കുറ്റവാളികൾ ശിക്ഷിക്കപ്പെടേണ്ട സാഹചര്യം ഉറപ്പുവരുത്തുന്നതിനുമുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഇക്കാര്യത്തിൽ തുടക്കംമുതൽ പോലീസിന്റെ ഭാഗത്തുനിന്നുണ്ടായ നിരുത്തരവാദപരമായ സമീപനവും ഇതിൽ നടന്നിട്ടുള്ള കള്ളക്കളികളും പരിശോധിക്കപ്പെടേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ ഡോ. വന്ദന ദാസ് കൊലക്കേസ് അന്വേഷണം സി.ബി.ഐ.-ക്ക് വിടാൻ തയ്യാറാകണം. അതിന് സാധ്യമാകാത്തപക്ഷം സർക്കാർ തന്നെ ഒരു പ്രത്യേക ഏജൻസിയെ നിയോഗിച്ച് കേസന്വേഷണം നടത്തണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽവച്ച് ആതുരസേവനത്തിനിടെ ആക്രമണത്തിൽ കൊല്ലപ്പെട്ട

ഡോ. വന്ദന ദാസിന്റെ കൊലപാതകം സംബന്ധിച്ച് അന്വേഷണം നടത്തി 90 ദിവസത്തിനുള്ളിൽ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. ആക്രമണത്തിൽ ഗുരുതര പരിക്കേറ്റ ഡോ. വന്ദന ദാസിന് കാർഡിയോ തൊറാസിക് സർജന്റെ സേവനമുൾപ്പെടെ വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിനുള്ള ഇടപെടലാണ് പോലീസിന്റെ ഭാഗത്തുനിന്നുമുണ്ടായത്. സംഭവവുമായി ബന്ധപ്പെട്ട് കൊട്ടാരക്കര സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് പ്രതിയെ പിടികൂടിയിട്ടുണ്ട്. തുടർന്ന് കേസ് സമഗ്രമായ അന്വേഷണം നടത്തുന്നതിന് കൊല്ലം ജില്ലാ ക്രൈംബ്രാഞ്ചിന് കൈമാറുകയും അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഡോ. വന്ദന ദാസിന്റെ മാതാപിതാക്കൾ കേസ് സി.ബി.ഐ.-ക്ക് വിടണമെന്നാവശ്യപ്പെട്ട് ഹൈക്കോടതിയിൽ സമർപ്പിച്ച ഹർജി നിരസിച്ചിരിക്കുകയാണ്. ഇതുപോലുള്ള ദൗർഭാഗ്യകരമായ സംഭവങ്ങൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ കർശന നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി സർക്കാർ സമഗ്രമായ മെഡിക്കോ ലീഗോ പ്രോട്ടോകോൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഡോ. വന്ദന ദാസിന്റെ കൊലപാതകക്കേസ് ഇനി ഒരു സ്പെഷ്യൽ സ്ക്വാഡിനെയോ പ്രത്യേക അന്വേഷണ ഏജൻസിയെയോ നിയോഗിച്ച് അന്വേഷിക്കേണ്ട ആവശ്യമില്ല.

## III സബ്മിഷൻ

### (1) എൻഡോസൾഫാൻ ദുരിതബാധിതർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ നടപടി

(പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. എൻ.എ. നെല്ലിക്കുന്നും നോട്ടീസ് നൽകിയിട്ടുണ്ട്)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): എൻഡോസൾഫാൻ ദുരിതബാധിതർക്കായി സംഘടിപ്പിച്ച മെഡിക്കൽ ക്യാമ്പിൽ ലഭിച്ച അപേക്ഷകൾ പരിശോധിച്ച് അർഹരായവരെ എൻഡോസൾഫാൻ ദുരിതബാധിതരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം. 2011-നുശേഷം ജനിക്കുന്ന കുട്ടികളെ എൻഡോസൾഫാൻ ദുരിതബാധിതരായി കണക്കാക്കാൻ സാധിക്കില്ലെന്ന ഉത്തരവ് പിൻവലിക്കണം. ഈ പ്രദേശത്തെ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ പഠിക്കാൻ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ച് ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തണം. പുനരധിവാസ പദ്ധതികളെ മുഴുവൻ ഏകോപിപ്പിക്കുന്ന റെമഡിയേഷൻ സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. കിടപ്പുരോഗികളായ ദുരിതബാധിതരുടെ പെൻഷൻ വെട്ടിക്കുറച്ച നടപടി പിൻവലിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): എൻഡോസൾഫാൻ ദുരിതബാധിതർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി സർക്കാർ വിവിധ ക്ഷേമ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. എൻഡോസൾഫാൻ ദുരന്തത്തിന് കാരണമായവരിൽനിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിനായി സർക്കാർ തിരുവനന്തപുരം സബ്കോടതിയിൽ സിവിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് സൗജന്യ ചികിത്സ നൽകിവരുന്നു. എൻഡോസൾഫാൻ ദുരിതബാധിതരുടെ മാനസിക-ശാരീരിക പുരോഗതി ലക്ഷ്യമാക്കി വിഭാവന ചെയ്ത എൻഡോസൾഫാൻ പുനരധിവാസ ഗ്രാമത്തിന്റെ ആദ്യഘട്ടം ക്ലിനിക്കൽ സൈക്കോളജി, കൺസൾട്ടിംഗ് ആൻഡ് ഹൈഡ്രോ തെറാപ്പിക് ബ്ലോക്ക് എന്നിവ 2024 ഫെബ്രുവരി അവസാനത്തോടുകൂടി തുറന്നുകൊടുക്കുന്നതാണ്. എൻഡോസൾഫാൻ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് എൻഡോസൾഫാൻ റീഹാബിലിറ്റേഷൻ സെൽ രൂപീകരിച്ചിട്ടുണ്ട്. കാസർഗോഡ് സ്പെഷ്യാലിറ്റി ആശുപത്രി നിർമ്മിക്കുന്നതിന് റവന്യൂ വകുപ്പിന്റെ കൈവശമുണ്ടായിരുന്ന ഭൂമി ആരോഗ്യവകുപ്പിന് കൈമാറുകയും 23 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ

പുതിയ സർക്കാർ നഴ്സിംഗ് കോളേജ് അനുവദിച്ചു. കാസർഗോഡ് മെഡിക്കൽ കോളേജിൽ ഒ.പി. പ്രവർത്തനം ആരംഭിക്കുകയും കിടത്തി ചികിത്സാ ആംരഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. എൻഡോസൾഫാൻ ദുരിതബാധിതരുടെ ലിസ്റ്റിൽ പുതിയ ആളുകളെ ഉൾപ്പെടുത്തുന്നതിന് മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ച് അപേക്ഷ ക്ഷണിക്കുകയും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ ദുരിതബാധിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതാണ്.

(2) ഗിഗ്ഗ് തൊഴിലാളികളുടെ സംരക്ഷണത്തിനായി നിയമനിർമ്മാണം

ശ്രീ. പി. നന്ദകുമാർ: ഗിഗ്ഗ് തൊഴിലാളികളുടെ സംരക്ഷണത്തിനും തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുമായി നിയമനിർമ്മാണം നടത്താൻ നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷിതത്വ പദ്ധതിയിൽ ഗിഗ്ഗ്/പ്ലാറ്റ്ഫോം തൊഴിലാളികളെ ഉൾപ്പെടുത്തുകയോ ഇവരുടെ തൊഴിൽ സുരക്ഷിതത്വത്തിന് നിയമങ്ങളോ നിലവിലില്ല. ഗിഗ്ഗ്/പ്ലാറ്റ്ഫോം വർക്കേഴ്സിന്റെ തൊഴിലവകാശങ്ങൾ സംരക്ഷിക്കുന്നതിനും തൊഴിൽ

നിലവാരവും ക്ഷേമപ്രവർത്തനങ്ങളും ഉറപ്പുവരുത്തുന്നതിനും അതോടൊപ്പം അഗ്രഗേറ്റർമാരുടെയും പ്രാഥമിക തൊഴിലുടമകളുടെയും ചുമതലകൾ ക്രമീകരിക്കുന്നതിനുമായി നിയമം കൊണ്ടുവരുന്നതിനും ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നതിനും ഉദ്ദേശിക്കുന്നു. ഇതിലേയ്ക്കായി കേരള സംസ്ഥാന പ്ലാറ്റ്ഫോം അധിഷ്ഠിത ഗിഗ്ഗ് വർക്കേഴ്സ് (രജിസ്ട്രേഷനും ക്ഷേമവും) ബിൽ തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ബിൽ നിയമമാകുന്നതോടെ ഗിഗ്ഗ്/പ്ലാറ്റ്ഫോം വർക്കേഴ്സിന്റെ സുരക്ഷിതത്വം, ക്ഷേമം, രജിസ്ട്രേഷൻ എന്നിവ ഉറപ്പുവരുത്താൻ കഴിയും.

(3) കൂത്തുപറമ്പ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന് പുതിയ കെട്ടിടം

ശ്രീ. കെ. പി. മോഹനൻ: കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിനായി പുതിയ കെട്ടിടം നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. ഇതിലേയ്ക്കായി 1.03 കോടി രൂപയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി

2023-24 സാമ്പത്തിക വർഷത്തിൽ തുക വകയിരുത്തിയിട്ടില്ല. ധനകാര്യ വകുപ്പുമന്ത്രിയുമായി കൂടിയാലോചിച്ച് പരിഹാരം കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## (4) കുരിയാടിയിൽ മത്സ്യബന്ധന തുറമുഖവും ചോമ്പാൽ ഹാർബർ പുനരുദ്ധാരണവും

ശ്രീമതി കെ. കെ. രമ: വടകര നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ചോമ്പാൽ മത്സ്യബന്ധന തുറമുഖം പുനരുദ്ധരിക്കുന്നതിനും കുരിയാടിയിൽ പുതിയ മത്സ്യബന്ധന തുറമുഖം യാഥാർത്ഥ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): ചോമ്പാൽ മത്സ്യബന്ധന തുറമുഖത്തിന്റെ അടിസ്ഥാന സൗകര്യവികസനം സാധ്യമാക്കിയിട്ടുള്ളതാണ്. തുറമുഖത്തിലെ ഡ്രഡ്ജിംഗ് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് തയ്യാറാക്കിയ 5.25 കോടി രൂപയുടെ എസ്റ്റിമേറ്റ്  കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. കോസ്റ്റൽ പോലീസിന്റെ സേവനം 24 മണിക്കൂറും ലഭ്യമാക്കിയിട്ടുണ്ട്. ബയോഗ്യാസ് പ്ലാന്റ് പ്രവർത്തന സജ്ജമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കുരിയാടിയിലെ മത്സ്യബന്ധന തുറമുഖം യാഥാർത്ഥ്യമാക്കുന്നതിന് പഠനത്തിനായി 59 ലക്ഷം

രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. മത്സ്യബന്ധന വകുപ്പ് തയ്യാറാക്കിയ പ്രാഥമിക എസ്റ്റിമേറ്റ് അടിയന്തരമായി കേന്ദ്ര സർക്കാരിൽ സമർപ്പിക്കുന്നതാണ്.

(5) പനച്ചിക്കാട് സപ്ലൈകോ ഔട്ട്ലെറ്റിന്റെ തുടർപ്രവർത്തനം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: കോട്ടയം നിയോജകമണ്ഡലത്തിലെ പനച്ചിക്കാട് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സപ്ലൈകോ ഔട്ട്ലെറ്റ് നിലനിർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): കോട്ടയം നിയോജകമണ്ഡലത്തിലെ പനച്ചിക്കാട് പഞ്ചായത്തിലുള്ള സപ്ലൈകോ ഔട്ട്ലെറ്റ് നിലവിൽ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഔട്ട്ലെറ്റ് നിലനിർത്തിക്കൊണ്ടുപോകുന്നതിന് പഞ്ചായത്തിന്റെകൂടി സഹകരണം ആവശ്യപ്പെട്ടിട്ടുണ്ട്. തുടർന്നുള്ള മാസങ്ങളിലെ വിൽപ്പനകൂടി പരിഗണിച്ച് പഞ്ചായത്തുമായി ചർച്ച ചെയ്ത് തുടർനടപടി സ്വീകരിക്കുന്നതാണ്.

(6) കർഷകർക്ക് ഭൂനികുതി അടയ്ക്കുന്നതിനുള്ള സൗകര്യം

ശ്രീ. എം. വിജിൻ: പട്ടുവം വില്ലേജിലെ കയ്യംതടം പ്രദേശത്തെ കൈവശ കൃഷിക്കാർ യഥാർത്ഥ ഉടമകളാണെന്ന് ഉറപ്പുവരുത്തിക്കൊണ്ടുള്ള

സർക്കാർ ഉത്തരവ് ലഭ്യമാക്കുന്നതിനും ഭൂനികുതി അടയ്ക്കുന്നതിനുള്ള സൗകര്യമേർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പട്ടുവം വില്ലേജിലെ കയ്യംതടം പ്രദേശത്തെ കർഷകർ കൈവശം വച്ചുവരുന്ന ഭൂമി മിച്ചഭൂമിയല്ലെന്ന താലൂക്ക് ലാൻഡ് ബോർഡിന്റെ ഉത്തരവ് നിലനിൽക്കുന്നതിനാൽ ഭൂപതിവ് നടപടികൾ തുടരാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്. പ്രസ്തുത ഉത്തരവിനെതിരെ സർക്കാർ ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കേസ് എത്രയുംവേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കാൻ അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. രേഖകൾ പരിശോധിച്ചും കൈവശത്തിന്റെ അടിസ്ഥാനത്തിലും ഭൂമിക്ക് കരമൊടുക്കി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(7) റെഗുലേറ്ററുകളും ഷട്ടറുകളും പ്രവർത്തനക്ഷമമാക്കൽ

ശ്രീ. കെ. വി. സുമേഷ്: കാട്ടാമ്പള്ളി റെഗുലേറ്റർ കം - ബ്രിഡ്ജിന്റെ റെഗുലേറ്ററുകളും ഷട്ടറുകളും പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): കാട്ടാമ്പള്ളി റെഗുലേറ്റർ -കം-ബ്രിഡ്ജിന്റെ നവീകരണ പ്രവർത്തനങ്ങൾക്ക് 2012-ൽ 44 ലക്ഷം രൂപയുടെ അനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്തിരുന്നെങ്കിലും കരാറുകാരൻ 55 ശതമാനം അധിക നിരക്ക് ക്വാട്ട് ചെയ്തതിനാൽ ടെണ്ടറിന് അംഗീകാരം നൽകാൻ കഴിഞ്ഞില്ല. റെഗുലേറ്ററിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കി ഇ-ടെണ്ടറും ഇ-ക്വട്ടേഷനും ക്ഷണിച്ചെങ്കിലും ലഭ്യമായ ഏറ്റവും കുറഞ്ഞ നിരക്ക് എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 60 ശതമാനം അധികമായതിനാൽ അംഗീകാരം നൽകാനായില്ല. സൈറ്റ് കണ്ടീഷൻ പുനഃപരിശോധിച്ച് പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കി റീ-ടെണ്ടർ ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. മലമ്പുഴ മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ മേൽനോട്ടത്തിൽ മെക്കാനിക്കൽ പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. കരാറുകാർ ഭീമമായ തുക രേഖപ്പെടുത്തിയ സാഹചര്യത്തിൽ റെഗുലേറ്ററിന്റെ ജലവിതാനത്തിന് താഴെവരുന്ന ഭാഗത്തെ കേടുപാടുകൾ കണ്ടെത്തുന്നതിന് കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ ചുമതലപ്പെടുത്തുകയും സോയിൽ ഇൻവെസ്റ്റിഗേഷനും സ്ട്രക്ച്ചറൽ ഇൻവെസ്റ്റിഗേഷനും നടത്തുന്നതിന്

ഏകദേശം 10 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(8) <u>അമ്പലമുകൾ അയ്യൻകുഴി പ്രദേശത്തെ സ്ഥലമേറ്റെടുക്കൽ</u>

<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: കൊച്ചിൻ റിഫൈനറി, എച്ച്.ഒ.സി. കമ്പനികൾക്കുവേണ്ടിയുള്ള അശാസ്ത്രീയമായ സ്ഥലമേറ്റെടുക്കൽമൂലം ഒറ്റപ്പെട്ടുപോയ പുത്തൻകുരിശ് പഞ്ചായത്തിലെ അയ്യൻകുഴി പ്രദേശത്തെ 42 കുടുംബങ്ങളുടെ 9 ഏക്കർ ഭൂമി ടി കമ്പനികളെക്കൊണ്ടുതന്നെ ഏറ്റെടുപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): അയ്യൻകുഴി പ്രദേശത്തെ മലിനീകരണ സാധ്യതയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ജില്ലാ കളക്ടർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ സ്ഥലത്തെത്തിയപ്പോൾ പ്രദേശവാസികളുടെ എതിർപ്പിനെ തുടർന്ന് മലിനീകരണ സാധ്യത തെളിയിക്കാനുള്ള മോണിറ്ററിംഗ് നടത്താൻ സാധിച്ചിട്ടില്ലെന്നാണ് അറിയിച്ചിട്ടുള്ളത്. ഈ വിവരം ഹൈക്കോടതിയിൽ അഫിഡവിറ്റായി നൽകിയിട്ടുണ്ട്. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായിരുന്ന ബി.പി.സി.എൽ.,

എച്ച്.ഒ.സി. ഇവയാണ് നിയമാനുസൃതമായ നടപടികൾ സ്വീകരിക്കേണ്ടത്. എന്നാൽ പുതിയ പദ്ധതികൾ നിലവിലില്ലാത്തതിനാൽ ഭൂമി ഏറ്റെടുക്കൽ പരിഗണനയിലില്ലെന്നാണ് ബി.പി.സി.എൽ. സർക്കാരിനെ അറിയിച്ചിട്ടുള്ളത്. കോടതി നടപടികളുടെ തുടർച്ചയിൽ ആവശ്യമായ കാര്യങ്ങൾ പിന്നീട് പരിശോധിക്കുന്നതാണ്.

(9) ആക്കപ്പറമ്പ്-പട്ടിക്കാട് റോഡ് ഗതാഗതയോഗ്യമാക്കാൻ നടപടി

ശ്രീ. യു. എ. ലത്തീഫ്: മഞ്ചേരി നിയോജകമണ്ഡലത്തിലെ പാണ്ടിക്കാട് പെരിന്തൽമണ്ണ സ്റ്റേറ്റ് ഹൈവേയിൽ ആക്കപ്പറമ്പ് മുതൽ പട്ടിക്കാട് വരെയുള്ള റോഡ് ഗതാഗതയോഗ്യമാക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): പാണ്ടിക്കാട് പെരിന്തൽമണ്ണ സ്റ്റേറ്റ് ഹൈവേയിൽ ആക്കപ്പറമ്പ് മുതൽ പട്ടിക്കാട് ചുങ്കം വരെയുള്ള റോഡിന്റെ പുനരുദ്ധാരണത്തിന് 5 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയത് ആർ.പി. ലിസ്റ്റിൽ ഉൾപ്പെടുകയും ചെയ്തിട്ടുണ്ട്. അത് പരിശോധിച്ചുവരികയാണ്. റോഡ് നവീകരണത്തിന് ഫണ്ട് അനുവദിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(10) കണ്ണാടി-പന്നിക്കോട് റോഡ് നവീകരണം

ശ്രീ. കെ. ഡി. പ്രസേനൻ: ആലത്തൂർ നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന കണ്ണാടി-പന്നിക്കോട് റോഡ് നിർമ്മാണം പുനരാരംഭിക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കണ്ണാടി-പന്നിക്കോട് റോഡ് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നവീകരിക്കാനാണ് തീരുമാനിച്ചിരുന്നത്. പദ്ധതിക്ക് 10 കോടി രൂപയുടെ ഭരണാനുമതിയും 24 കോടി 9 ലക്ഷം രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിരുന്നു. പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുനരാരംഭിക്കാനുള്ള നീക്കങ്ങൾ ആരംഭിച്ചിട്ടുണ്ട്. റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് 1.42 കോടി രൂപയുടെ റീ-സർഫസിംഗ് പ്രവൃത്തി നടത്തിയിരുന്നു. അതിന് Defect Liability Period നിലനിൽക്കുന്നുണ്ട്.

(11) പടിഞ്ഞാറത്തറ-പൂഴിത്തോട് റോഡ് നിർമ്മാണം

ശ്രീ. ടി. സിദ്ദിഖ്: പടിഞ്ഞാറത്തറ-പൂഴിത്തോട് റോഡ് നിർമ്മാണം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): പൂഴിത്തോട് പടിഞ്ഞാറത്തറ ചുരം ബദൽ പാതയുടെ നിർമ്മാണ സാധ്യത പരിശോധിക്കാനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളിലേയ്ക്ക് കടക്കാനാണ് ഉദ്ദേശിക്കുന്നത്. വയനാട് ജില്ലയുടെ ടൂറിസം പ്രധാന്യം കണക്കിലെടുത്ത് ഈ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ ഇടപെടൽ നടത്തുന്നതാണ്.

(12) വടകര-വിലങ്ങാട്-കുഞ്ഞോം-മാനന്തവാടി റോഡ് നിർമ്മാണം

ശ്രീ. ഇ. കെ. വിജയൻ: വടകര-വിലങ്ങാട്-കുഞ്ഞോം-മാനന്തവാടി-മൈസൂർ ചുരമില്ലാ റോഡ് യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കോഴിക്കോട് ജില്ലയിലെ വിലങ്ങാട് നിന്ന് വയനാട് ജില്ലയിലെ കുഞ്ഞോം എന്ന സ്ഥലവുമായി ബന്ധിപ്പിക്കുന്ന ചുരമില്ലാ റോഡ് വികസനത്തിന് വനത്തിലൂടെ ഭൂമി ഏറ്റെടുക്കൽ ഒരു പ്രധാന പ്രശ്നമാണ്. വനം വകുപ്പുമായി ചർച്ച ചെയ്ത് റോഡ് യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ ഇടപെടൽ നടത്തുന്നതാണ്.

(13) വളാഞ്ചേരി-അങ്ങാടിപ്പുറം-വണ്ടൂർ-വടപുരം റോഡ് നവീകരണം

ശ്രീ. മഞ്ഞളാംകുഴി അലി: വളാഞ്ചേരി-അങ്ങാടിപ്പുറം റോഡ് പൂർണ്ണമായും ഗതാഗതയോഗ്യമാക്കുന്നതിന് ആവശ്യമായ തുക അനുവദിക്കാനും ഭരണാനുമതി ലഭിച്ച റീച്ചിന്റെ പ്രവൃത്തി പൂർത്തിയാക്കുന്നതിന് വകുപ്പിന് നിർദ്ദേശം നൽകാനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): വളാഞ്ചേരി-അങ്ങാടിപ്പുറം-വണ്ടൂർ-വടപുരം റോഡ് നവീകരണത്തിന്റെ ഭാഗമായി രണ്ട് റീച്ചുകളിലായി എട്ടുകോടി രൂപ അനുവദിക്കുകയും നവീകരണ പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. അടിയന്തരമായി പ്രവൃത്തി അനിവാര്യമായ രണ്ട് റീച്ചുകളിൽ ഒന്നിനുള്ള എസ്റ്റിമേറ്റ് ധനകാര്യവകുപ്പിന്റെ പരിഗണനയിലാണ്. മറ്റൊരു റീച്ചിന് അഞ്ചുകോടി രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. എത്രയും വേഗത്തിൽ ഭരണാനുമതി നൽകി റോഡ് നവീകരണത്തിനാവശ്യമായ ഇടപെടൽ നടത്താൻ സർക്കാർ തയ്യാറാണ്.

(14) <u>തൃശ്ശൂർ ദന്തൽ കോളേജ് വനിതാ ഹോസ്റ്റൽ, ബോയ്സ് ഹോസ്റ്റൽ എന്നിവയുടെ നിർമ്മാണം.</u>

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: തൃശ്ശൂർ ദന്തൽ കോളേജ്, വനിതാ ഹോസ്റ്റൽ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള തുക പൂർണ്ണമായി ലഭ്യമാക്കാനും ബോയ്സ് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് സ്ഥലം അനുവദിക്കാനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്</u>): തൃശ്ശൂർ ദന്തൽ കോളേജിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 2023-24 സാമ്പത്തിക വർഷത്തിൽ 4.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വനിതാ ഹോസ്റ്റൽ കെട്ടിടത്തിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകി തുക കണ്ടെത്താൻ നടപടി സ്വീകരിച്ചുവരികയാണ്. ദന്തൽ കോളേജ് കെട്ടിടവും വനിതാ ഹോസ്റ്റലും പൂർത്തിയാകുന്നമുറയ്ക്ക് ബോയ്സ് ഹോസ്റ്റലിന് സ്ഥലം അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(15) <u>വൈക്കം സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ പ്രവർത്തനം</u>

<u>ശ്രീമതി സി. കെ. ആശ</u>: കെട്ടിട നിർമ്മാണം പൂർത്തീകരിച്ച വൈക്കം സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ആവശ്യമായ ജീവനക്കാരെ നിയമിച്ച് പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): വൈക്കം സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം ആരോഗ്യ വകുപ്പിന്റെയും ധനകാര്യ വകുപ്പിന്റെയും അന്തിമപരിഗണനയിലാണ്. വൈക്കം താലൂക്ക് ആശുപത്രി പുതിയ കെട്ടിടത്തിലേയ്ക്ക് പ്രവർത്തനം മാറുന്ന മുറയ്ക്ക് പ്രസ്തുത ആശുപത്രിയിൽ കൂടുതൽ തസ്തിക സൃഷ്ടിച്ച് പ്രവർത്തനം ആരംഭിക്കുന്നതാണ്.

## IV മേശപ്പുറത്തുവച്ച കടലാസ്

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ് മേശപ്പുറത്തുവച്ചു.

## V റിപ്പോർട്ടുകളുടെ സമർപ്പണം

മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ രണ്ടും മൂന്നും റിപ്പോർട്ടുകളും സബോർഡിനേറ്റ് ലെജിസ്ലേഷൻ സംബന്ധിച്ച സമിതിയുടെ ഇരുപത്തിയേഴും ഇരുപത്തിയെട്ടും റിപ്പോർട്ടുകളും സമർപ്പിച്ചു.

## VI റിപ്പോർട്ട് പരിഗണന

ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## VII ഗവൺമെന്റ് പ്രമേയം (ചട്ടം 118)

കേന്ദ്ര വനം-വന്യജീവി സംരക്ഷണ നിയമത്തിൽ കാലാനുസൃതമായ ഭേദഗതി

മനുഷ്യ-വന്യജീവി സംഘർഷങ്ങൾ തടയുവാൻ നിലവിലുള്ള നിയമങ്ങൾ കാലാനുസൃതമായി ഭേദഗതി ചെയ്യുന്നതുൾപ്പെടെയുള്ള നടപടി സ്വീകരിക്കുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയം വനം-വന്യജീവി വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രൻ അവതരിപ്പിക്കുകയും പിന്താങ്ങപ്പെടുകയും ചെയ്തു.

സർവ്വശ്രീ മഞ്ഞളാംകുഴി അലി, ടി. സിദ്ദിഖ്, സജീവ് ജോസഫ്, സണ്ണി ജോസഫ്, ഐ. സി. ബാലകൃഷ്ണൻ എന്നീ അംഗങ്ങൾ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന വാക്കാൽ ഭേദഗതി മന്ത്രി അവതരിപ്പിച്ചു.

ഖണ്ഡിക 2-ൽ 'ലഘൂകരിക്കുന്നതിനും' എന്നതിനുപകരം 'ലഘൂകരിക്കണമെന്നും' എന്ന് തിരുത്തണം.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

3-ാം ഉപഖണ്ഡികയ്ക്കുശേഷം ഉപഖണ്ഡിക 4 ആയി " വന്യമൃഗങ്ങളുടെ എണ്ണം ക്രമാതീതമായി പെരുകുന്നത് തടയാൻ അവയുടെ പ്രജനനത്തിന്

നിയന്ത്രണം കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും" ചേർക്കുക.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

## VIII ധനകാര്യം

### 2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ച

ഡോ. കെ. ടി. ജലീൽ: ബജറ്റിനെ അനുകൂലിക്കുന്നു. കേന്ദ്ര സർക്കാർ സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധിയിലാക്കുന്ന ഘട്ടത്തിലും സേവന, പശ്ചാത്തല മേഖലകളെ പരിപോഷിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബജറ്റിലുൾപ്പെടുത്തിയത് അഭിനന്ദനാർഹമാണ്. പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്താനും കൂടുതൽ വിദ്യാർത്ഥികളെ അവിടേയ്ക്ക് ആകർഷിക്കാനും സാധിച്ചത് സർക്കാരിന്റെ നേട്ടമാണ്. ആരോഗ്യരംഗത്ത് സമാനതകളില്ലാത്ത പുരോഗതി കൈവരിക്കാനും മലപ്പുറം ജില്ലയിലെ പ്ലസ് വൺ സീറ്റ് ദൗർലഭ്യം ഏറെക്കുറെ പരിഹരിക്കാനും സർക്കാരിന് സാധിച്ചിട്ടുണ്ട്.

ശ്രീമതി ഉമ തോമസ്: ബജറ്റിനെ എതിർക്കുന്നു. സംസ്ഥാനം നേരിടുന്ന സമാനതകളില്ലാത്ത ധനപ്രതിസന്ധി നേരിടാനുള്ള പദ്ധതികളോ

ധൂർത്ത് കുറയ്ക്കാനുള്ള നിർദ്ദേശങ്ങളോ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. റബറിന്റെ താങ്ങുവില 250 രൂപയായി വർദ്ധിപ്പിക്കാത്ത നടപടി പ്രതിഷേധാർഹമാണ്. കഴിഞ്ഞ മൂന്ന് ബജറ്റുകളിലായി 1600 കോടി രൂപയുടെ വിലസ്ഥിരതാ ഫണ്ട് പ്രഖ്യാപിച്ചെങ്കിലും 200 കോടി രൂപ മാത്രമാണ് നൽകിയിട്ടുള്ളത്. കെ.എസ്.ആർ.ടി.സി.-യെ പുനരുജ്ജീവിപ്പിക്കാൻ പ്രത്യേക പാക്കേജ് തയ്യാറാക്കുമെന്ന പ്രഖ്യാപനം നടപ്പിലായിട്ടില്ല. ഇൻഷ്വറൻസ് തുക കുടിശ്ശികയായതിനാൽ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽനിന്ന് സ്വകാര്യ ആശുപത്രികൾ പിൻവാങ്ങുന്ന സാഹചര്യം സർക്കാർ ഗൗരവമായി കാണണം. തൃക്കാക്കര മണ്ഡലത്തിൽ താലൂക്ക് ആശുപത്രി സ്ഥാപിക്കുമെന്ന പ്രഖ്യാപനം നടപ്പാക്കിയിട്ടില്ല. ജനക്ഷേമ പദ്ധതികളും വികസനപ്രവർത്തനങ്ങളും നടത്തുന്ന കാര്യത്തിൽ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. സർക്കാരിന്റെ ധനപ്രതിസന്ധി സംബന്ധിച്ച് ചർച്ച ചെയ്യാൻ സർവ്വകക്ഷിയോഗം വിളിക്കാനും മുടങ്ങിയ ക്ഷേമപെൻഷൻ വിതരണം ചെയ്യാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: ബജറ്റിനെ അനുകൂലിക്കുന്നു. മൂന്നുവർഷത്തിനുള്ളിൽ മൂന്നുലക്ഷം കോടിരൂപയുടെ നിക്ഷേപം ആകർഷിക്കാനുള്ള പദ്ധതികളാണ് ബജറ്റിൽ വിഭാവന ചെയ്തിട്ടുള്ളത്.

വിഴിഞ്ഞത്തെ വ്യാവസായിക ഹബ്ബാക്കി മാറ്റുന്നതിലൂടെ നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ സാധിക്കും. സ്പെഷ്യൽ ഡെവലപ്മെന്റ് സോണുകൾ സൃഷ്ടിക്കാനുള്ള തീരുമാനവും മത്സ്യത്തൊഴിലാളികൾക്കായി സമഗ്ര വികസന പദ്ധതികൾ ആവിഷ്കരിച്ചതും ഡിജിറ്റൽ സർവ്വകലാശാല കൈരളി എന്ന നിർമ്മിതബുദ്ധി പ്രോസസർ വികസിപ്പിച്ചെടുത്തതും അഭിനന്ദനാർഹമാണ്. സ്വകാര്യ മേഖലയുടെ സഹായത്തോടുകൂടിയുള്ള പുതിയ വികസന മാതൃകകളാണ് ബജറ്റിലൂടെ ലക്ഷ്യമിടുന്നത്. ദേശീയ സ്റ്റാർട്ടപ്പ് മിഷൻ റാങ്കിംഗിൽ 2022-ലെ ബെസ്റ്റ് പെർഫോമർ പുരസ്കാരം ലഭിച്ചതും ലോകത്ത് കണ്ടിരിക്കേണ്ട അമ്പത് വിനോദസഞ്ചാര കേന്ദ്രങ്ങളിലൊന്നായി കേരളത്തെ തെരഞ്ഞെടുത്തതും കെയർ ഇക്കോണമി, കെ-ലിഫ്റ്റ് പദ്ധതികൾ ആരംഭിക്കുമെന്നുള്ള പ്രഖ്യാപനവും അഭിനന്ദനാർഹമാണ്. മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി ഫണ്ട് വകയിരുത്തിയതും സർക്കാരിന്റെ നേട്ടമാണ്.

ശ്രീ. ടി. വി. ഇബ്രാഹിം: ബജറ്റിനെ എതിർക്കുന്നു. കേരളത്തിന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച് ധവളപത്രമിറക്കാൻ ധനകാര്യ വകുപ്പുമന്ത്രി തയ്യാറാകണം. വിവിധ മേഖലകളിൽ നികുതി വർദ്ധിപ്പിച്ചിട്ടും സാമൂഹ്യക്ഷേമ പെൻഷനുകൾ കുടിശ്ശികയാണെന്നുള്ളത്

അപലപനീയമാണ്. മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർക്ക് യഥാസമയം ബില്ലുകൾ മാറിനൽകാത്തതും ആശുപത്രികളിൽ മരുന്നു വിതരണം തടസ്സപ്പെട്ടിരിക്കുന്നതും സപ്ലൈകോയിൽ അവശ്യസാധനങ്ങളുടെ ദൗർലഭ്യം നേരിടുന്നതും ഖേദകരമാണ്. എം.എൽ.എ. ഫണ്ട് മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് യഥാസമയം ഭരണാനുമതി ലഭിക്കുന്നില്ല. 2021-22-ലെ ബജറ്റിൽ എല്ലാ മെഡിക്കൽ കോളേജുകളിലും ഐസൊലേഷൻ ബ്ലോക്കുകൾ സ്ഥാപിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. വികസനപ്രവർത്തനങ്ങൾക്കുള്ള ഫണ്ട് വിതരണം ചെയ്യുന്നതിൽ പ്രതിപക്ഷാംഗങ്ങളോട് വിവേചനപൂർണ്ണമായ നിലപാടാണ് സ്വീകരിക്കുന്നത്. ജില്ലാ പഞ്ചായത്തിന്റെ മെയിന്റനൻസ് ഗ്രാന്റും മോയിൻകുട്ടി വൈദ്യർ മാപ്പിളകല അക്കാദമിക്കുള്ള ഗ്രാന്റും വെട്ടിക്കുറച്ചതും പ്രതിഷേധാർഹമാണ്.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: ബജറ്റിനെ അനുകൂലിക്കുന്നു. കേരളത്തിന്റെ വികസനം മുന്നിൽ കണ്ടുകൊണ്ട് അവതരിപ്പിച്ചിരിക്കുന്ന ബജറ്റാണിത്. റബ്ബറിന്റെ താങ്ങുവില 200 രൂപയാക്കാനും വന്യമൃഗശല്യവുമായി ബന്ധപ്പെട്ട് വകയിരുത്തിയ തുക വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം. കേന്ദ്ര സർക്കാർ സംസ്ഥാനത്തെ

സാമ്പത്തികമായി ഞെരുക്കുമ്പോൾ അതിനെതിരെ പ്രതികരിക്കാൻ പ്രതിപക്ഷം തയ്യാറാകാത്തത് ഖേദകരമാണ്.

ശ്രീ. മോൻസ് ജോസഫ്: ബജറ്റിനെ എതിർക്കുന്നു. കാർഷികമേഖലയ്ക്ക് ഊന്നൽ നൽകാത്ത ബജറ്റാണിത്. റബ്ബറിന്റെ താങ്ങുവില 250 രൂപയായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. കാർഷിക മേഖലയ്ക്കുവേണ്ടി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. നെല്ലുസംഭരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും കെ.എസ്.ആർ.ടി.സി.-യിൽ നിന്നും വിരമിച്ചവർക്ക് പെൻഷൻ കുടിശ്ശികയില്ലാതെ നൽകാനും നോൺ ജേർണലിസ്റ്റ് പെൻഷൻ 7000 രൂപയായി വർദ്ധിപ്പിക്കാനും കേന്ദ്രാവിഷ്കൃത പദ്ധതികൾ യഥാസമയം പ്രയോജനപ്പെടുത്താനും നടപടി സ്വീകരിക്കണം. ജൽ ജീവൻ മിഷനിലെയും പൊതുമരാമത്ത് വകുപ്പിലെയും കുടിശ്ശിക നൽകുന്നതിനാവശ്യമായ തുക വകയിരുത്തണം.

ശ്രീ. കെ. ആൻസലൻ: ബജറ്റിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ വികസന സാദ്ധ്യതകൾ പരമാവധി പ്രാവർത്തികമാക്കുന്നതിനുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങളാണ് ബജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രത്യേക ഡെവലപ്മെന്റ് സോണുകൾ

സൃഷ്ടിക്കാൻ തീരുമാനിച്ചതും ചെറുകിട-ഇടത്തരം മേഖലയെ സംരക്ഷിക്കുന്നതിനായി തുക വകയിരുത്തിയതും അഭിനന്ദനാർഹമാണ്. സംസ്ഥാനത്തിന് അർഹതപ്പെട്ട സാമ്പത്തിക സഹായം അനുവദിക്കുന്നതിൽ കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന നിഷേധാത്മക നിലപാട് പ്രതിഷേധാർഹമാണ്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: ബജറ്റിനെ അനുകൂലിക്കുന്നു. കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടാൻ കഴിയുന്ന വിധത്തിലുള്ള ബജറ്റാണിത്. കശുവണ്ടി മേഖലയ്ക്ക് അനുവദിച്ചിരിക്കുന്ന തുക വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. കേന്ദ്ര വിഹിതം വെട്ടിക്കുറച്ചതിനെതിരെയുള്ള പ്രതിപക്ഷനിലപാട് പ്രതിഷേധാർഹമാണ്. തൊഴിലില്ലായ്മ വേതനവും അങ്കണവാടി ജീവനക്കാരുടെയും സാക്ഷരതാ പ്രേരക്മാരുടെയും ഓണറേറിയവും സ്കൂളുകളിലെ പാചകത്തൊഴിലാളികളുടെ വേതനവും വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. ശാസ്താംകോട്ട താലൂക്കാശുപത്രിയുടെ വികസനത്തിന് ലഭ്യമായ 50 സെന്റ് റവന്യൂ ഭൂമിയിൽ കെട്ടിടം നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ശാസ്താംകോട്ട തടാകം സംരക്ഷിക്കുന്നതിനാവശ്യമായ തുക അനുവദിക്കണം.

<u>ശ്രീ. കെ. പ്രേംകുമാർ</u>: ബജറ്റിനെ അനുകൂലിക്കുന്നു. കേന്ദ്ര വിഹിതം വെട്ടിക്കുറച്ചിട്ടും ചെലവിനത്തിൽ 30000 കോടി രൂപയുടെ വർദ്ധനവ് വരുത്താനും വികസന-ക്ഷേമ പ്രവർത്തനങ്ങൾ നടപ്പാക്കാനും തനത് വരുമാനം വർദ്ധിപ്പിക്കാനും കഴിഞ്ഞത് സർക്കാരിന്റെ നേട്ടമാണ്. ഒറ്റപ്പാലത്ത് ഗ്രാഫീൻ അധിഷ്ഠിത ഉല്പന്നങ്ങൾ വികസിപ്പിച്ചെടുക്കാനുള്ള വലിയ പ്രീ-പ്രൊഡക്ഷൻ സെന്റർ 260 കോടി രൂപ ചെലവിൽ കാർബൊറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡിന്റെ സഹകരണത്തോടെ ആരംഭിക്കാൻ തീരുമാനിച്ചതും തദ്ദേശവാസികളായ ആദിവാസി വിഭാഗത്തിൽനിന്നും 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ നിയമിച്ചതും സർക്കാരിന്റെ നേട്ടങ്ങളാണ്. മലബാർ ദേവസ്വം ബോർഡിലെ ശമ്പള പരിഷ്കരണം അംഗീകരിച്ച് നടപ്പിലാക്കിയ നടപടി ശ്ലാഘനീയമാണ്. ഇന്ത്യയിൽത്തന്നെ എ.ഐ. പ്രോസസർ വികസിപ്പിക്കുന്നത് കേരളത്തിലെ ഡിജിറ്റൽ യൂണിവേഴ്സിറ്റിയിലാണെന്നത് അഭിമാനകരമാണ്. സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിച്ചതും ദേശീയ ജലപാത, കൊച്ചി മെട്രോ, കണ്ണൂർ വിമാനത്താവളം, വിഴിഞ്ഞം പദ്ധതി, ആലപ്പുഴ ബൈപ്പാസ്, ടെക്നോപാർക്ക്, ദേശീയപാതാ വികസനം എന്നിവ യാഥാർത്ഥ്യമാക്കിയതും

സർക്കാരിന്റെ നേട്ടങ്ങളാണ്. ക്ഷയരോഗ നിവാരണ പ്രവർത്തനത്തിന് ദേശീയ പുരസ്കാരം ലഭിച്ചത് അഭിമാനകരമാണ്.

ശ്രീ. എം. രാജഗോപാലൻ: ബജറ്റിനെ അനുകൂലിക്കുന്നു. പശ്ചാത്തല സൗകര്യ വികസനമേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവരാൻ സാധിച്ചതും വൈജ്ഞാനിക സമൂഹത്തിന് ഊന്നൽ നൽകാൻ കഴിഞ്ഞതും ശ്ലാഘനീയമാണ്. പ്രായമായവരെ സംരക്ഷിക്കുന്നതിന് കെയർ സെന്ററുകൾ, സർക്കാർ ആശുപത്രികളെ സഹായിക്കാനായി ആരോഗ്യ സുരക്ഷാ ഫണ്ട്, അങ്കണവാടി ജീവനക്കാർക്ക് ഇൻഷ്വറൻസ്, പ്രവാസി അക്കാദമിക് വിദഗ്ദ്ധരുടെ ടാസ്ക് ഫോഴ്സ്, കായിക സമ്പദ് വ്യവസ്ഥ, സുരക്ഷിതമാക്കാം പശ്ചിമഘട്ടം, കുടുംബശ്രീ അംഗങ്ങളുടെ വരുമാനം വർദ്ധിപ്പിക്കാൻ കെ-ലിഫ്റ്റ് എന്നിവ പ്രഖ്യാപിച്ചത് സ്വാഗതാർഹമാണ്. റബ്ബറിന്റെയും നാളികേരത്തിന്റെയും താങ്ങുവില വർദ്ധിപ്പിച്ചത് ആശ്വാസകരമാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): ബജറ്റിനെ എതിർക്കുന്നു. വാർഷിക സാമ്പത്തിക സ്റ്റേറ്റ്മെന്റിന്റെ പവിത്രതയും വിശ്വാസ്യതയും നഷ്ടപ്പെട്ട ബജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കൊണ്ടുവന്ന പദ്ധതികളല്ലാതെ പുതിയൊരു പദ്ധതിയും കൊണ്ടുവരാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല.

റവന്യൂകമ്മിയും ജി.എസ്.ഡി.പി.-യും തമ്മിലുള്ള അനുപാതവും ധനകമ്മിയും ജി.എസ്.ഡി.പി.-യും തമ്മിലുള്ള അനുപാതവും ഉയർന്നിട്ടുണ്ട്. ജി.എസ്.ടി. വരുമാനത്തിൽ വർദ്ധനവുണ്ടെങ്കിലും നികുതി വരുമാനം വർദ്ധിക്കുന്നില്ല. ജി.എസ്.ടി. ടാക്സ് അഡ്മിനിസ്ട്രേഷൻ സിസ്റ്റം പരാജയമാണ്. വൈദ്യുതി വിതരണ ചട്ടങ്ങൾ പരിഷ്കരിക്കുന്നതോടെ വൈദ്യുതി കണക്ഷന്റെ നിരക്കുകളിൽ വർദ്ധനയുണ്ടാകും. വിവിധ ക്ഷേമനിധികളിൽനിന്നുള്ള ആനുകൂല്യങ്ങൾ സാധാരണക്കാർക്ക് ലഭിക്കുന്നില്ല. പ്ലാൻ എക്സ്പെൻഡിച്ചറിലുണ്ടായ കുറവ് മൂലധന ചെലവ് താഴോട്ടുപോകുന്നുവെന്നതിന് തെളിവാണ്. ഈ ബജറ്റിനുമപ്പുറത്ത് യഥാർത്ഥ സമ്പദ്ഘടനയുടെ സ്ഥിതിവിവരങ്ങൾ പരിശോധിച്ച് നികുതിവരുമാനം വർദ്ധിപ്പിച്ച് ചെലവുകുറച്ച് കേരളത്തിന്റെ വരുംതലമുറയ്ക്കുകൂടി ഗുണകരമാകുന്ന രീതിയിൽ കേരളത്തിന്റെ ഇക്കോണമി കൊണ്ടുപോകാൻ കഴിയണം.

IX വ്യക്തിപരമായ വിശദീകരണം

ശ്രീ. എൻ. ഷംസുദ്ദീൻ: ബഹുമാനപ്പെട്ട തവനൂർ അംഗം ഡോ. കെ. ടി. ജലീൽ പ്രസംഗിക്കുമ്പോൾ രാമക്ഷേത്രം ഹൈന്ദവ വികാരമാണെന്ന് ഞാൻ പ്രസംഗിച്ചുവെന്നാണ് കളവായി പറഞ്ഞത്. ഇന്നലെ നിലമ്പൂർ അംഗം ശ്രീ. പി. വി. അൻവർ പ്രസംഗിക്കുമ്പോഴും ചില കാര്യങ്ങൾ

സൂചിപ്പിക്കുകയുണ്ടായി. ഞങ്ങളുടെ നേതാവ് സാദിഖ് അലി ശിഹാബ് തങ്ങളെക്കുറിച്ച് പറഞ്ഞ ചില കാര്യങ്ങളെക്കുറിച്ച് ഞാൻ വിശദീകരിക്കുക മാത്രമാണ് ചെയ്തത്. അതിൽ ബാബറി മസ്ജിദ് തകർത്തതിലുള്ള വേദന കൃത്യമായി പ്രകടിപ്പിച്ചിട്ടുമുണ്ട്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സംസ്ഥാനത്തിന്റെ പൊതുവായ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള ഭാവി രൂപരേഖയാണ് ഈ ബജറ്റിലൂടെ അവതരിപ്പിച്ചത്. ഈ ബജറ്റിൽ കേരളം ഉന്നയിച്ച പ്രശ്നങ്ങൾ ശരിയാണെന്നും കേരളത്തിന്റെ ഭാവിക്കുവേണ്ടി ഗൗരവത്തോടെ ഇടപെടുന്ന ഗവൺമെന്റാണിതെന്നും ഇന്ത്യയിലെ ഉന്നത നീതിപീഠം തന്നെ പറയുന്ന തരത്തിലേയ്ക്ക് കാര്യങ്ങൾ എത്തിയെന്നുള്ളത് അഭിമാനകരമാണ്. കേരളത്തിന്റെ ജി.ഡി.പി. രാജ്യത്തിന്റെ ആകെ ജി.ഡി.പി.-യുടെ നാലുശതമാനം മാത്രമാണ് രാജ്യത്തെ ആകെ ബജറ്റ് സൈസിന്റെ 3.89 ശതമാനം മാത്രമാണ് കേരളത്തിനുള്ളത്. രാജ്യത്ത് ആകെയുള്ള കടത്തിന്റെ 2.4 ശതമാനം മാത്രമാണ് സംസ്ഥാനത്തിന്റേതായുള്ളത്. രാജ്യത്തിന്റെ ആകെയുള്ള വരുമാനത്തിന്റെ മൂന്നിലൊന്ന് ഭാഗം കേന്ദ്രവും മൂന്നിൽ രണ്ട് ഭാഗം സംസ്ഥാനങ്ങളുമാണ് ചെലവഴിക്കുന്നത്. ഈ സാഹചര്യത്തിലാണ് നമ്മുടെ

പരിമിതിക്കകത്തുനിന്നുകൊണ്ട് ഓരോ ഘട്ടത്തിലും നമ്മൾ പ്രവർത്തിക്കുന്നതും മുന്നേറ്റമുണ്ടാക്കുന്നതും. നീതി ആയോഗിന്റെ Multi Dimensional Poverty Index-ൽ ഇന്ത്യയിൽ ഏറ്റവും ദാരിദ്ര്യം കുറഞ്ഞ സംസ്ഥാനം കേരളമാണ്. രാജ്യത്തിന്റെ മൊത്തം കണക്കെടുത്താൽ അതിദരിദ്രരുടെ എണ്ണവും ശിശുമരണനിരക്കും മാതൃ മരണനിരക്കും വളരെ കുറഞ്ഞതും ആയുർദൈർഘ്യം കൂടിയതുമായ സംസ്ഥാനമാണ് കേരളം. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുടെ തനതുവരുമാനവുമായി താരതമ്യം ചെയ്യുമ്പോൾ കേരളം എല്ലാ മേഖലയിലും മെച്ചപ്പെട്ട നിലവാരമാണ് കാഴ്ചവയ്ക്കുന്നത്. സംസ്ഥാനത്തിന്റെ മൊത്തം കടം 38 ശതമാനത്തിൽനിന്നും 34 ശതമാനമായി കുറഞ്ഞിട്ടുണ്ട്. ടൂറിസം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങി വിവിധ മേഖലകളിൽ നേട്ടമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ലൈഫ് പദ്ധതി പ്രകാരം സംസ്ഥാനത്തെ മുഴുവൻ ആളുകൾക്കും വീട് നൽകുന്നതിനും അതിദാരിദ്ര്യം ഇല്ലാതാക്കുന്നതിനും ഭക്ഷ്യധാന്യങ്ങൾ വിലകുറച്ച് നൽകുന്നതിനും കെ.എസ്.ആർ.ടി.സി. പെൻഷൻ, ശമ്പളം, ക്ഷേമ പെൻഷൻ എന്നിവ കൃത്യമായി വിതരണം ചെയ്യുന്നതിനും ഇടപെടൽ നടത്തുന്നതാണ്. ക്ഷേമ പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കുന്നതാണ്. സോഷ്യൽ സെക്യൂരിറ്റിക്കുവേണ്ടി ഏകദേശം 14,000 കോടി രൂപയാണ് ഒരു

വർഷം സംസ്ഥാനം നൽകുന്നത്. ലൈഫ് മിഷൻ പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് ബാങ്കുകളുമായി ചർച്ച നടത്തി പരിഹാരം കാണുന്നതാണ്. സിവിൽസപ്ലൈസ് വകുപ്പിന് പ്ലാൻ/ നോൺ പ്ലാൻ ഇനത്തിൽ 1930.88 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. ഈ വർഷം 2000 കോടി രൂപ ഭക്ഷ്യവിതരണ മേഖലയിലേയ്ക്കായി മാറ്റിവയ്ക്കും. മാവേലി സ്റ്റോറുകളിലും സിവിൽ സപ്ലൈസ് ഔട്ട്‌ലെറ്റുകളിലും സാധനങ്ങൾ ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിച്ച് സിവിൽ സപ്ലൈസിനെയും പൊതുവിതരണ സമ്പ്രദായത്തെയും ശക്തിപ്പെടുത്തും. സിവിൽ സപ്ലൈസ് വകുപ്പ് നെല്ല് സംഭരിച്ച് ലോൺ വ്യവസ്ഥയിൽ ബാങ്കുകളിലൂടെ കർഷകർക്ക് പണം മുൻകൂറായി നൽകുന്നതിനാൽ കാലതാമസം ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. ലോൺ തുകയും നിർദ്ദിഷ്ട പലിശയും ബജറ്റ് വിഹിതത്തിലൂടെ സംസ്ഥാന സർക്കാർ തിരിച്ചടയ്ക്കുന്നുണ്ടെങ്കിലും ഈയിനത്തിൽ ആയിരത്തിൽപ്പരം കോടി രൂപയാണ് കേന്ദ്രസർക്കാർ അനുവദിക്കാനുള്ളത്. ഇതരസംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ രാജ്യത്ത് ഏറ്റവുമധികം നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തിയത് കേരളത്തിലാണ്. പരമ്പരാഗത വ്യവസായ മേഖലയെ സംരക്ഷിക്കാൻ ഇൻകം സപ്പോർട്ട് സ്കീം

നടപ്പാക്കിയതോടൊപ്പം പുതുതലമുറ വ്യവസായങ്ങളെയും സ്റ്റാർട്ടപ്പുകളെയും പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികളും ബജറ്റിലുണ്ട്. സ്റ്റാർട്ടപ്പ് മേഖലയിൽ വൻമുന്നേറ്റത്തിന് അവസരമൊരുക്കാൻ സർക്കാരിന് കഴിഞ്ഞു. ഏഷ്യയിലെ ഡെന്റൽ ലാബ് ഹബ്ബാണ് കേരളം. ഏറ്റവുമധികം ബ്ലഡ് ബാഗ് നിർമ്മിക്കുന്നതും കേരളത്തിലാണ്. ഗ്രാഫീൻ ടെക്നോളജി പാർക്ക്, ഡിജിറ്റൽ സയൻസ് പാർക്ക് എന്നിവ യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിച്ചു. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം, കൊച്ചി മെട്രോ, ഗെയിൽ പൈപ്പ്ലൈൻ തുടങ്ങിയ പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിൽ മുൻകാലങ്ങളിലെ എൽ.ഡി.എഫ്. സർക്കാരുകൾ വഹിച്ച പങ്ക് വിസ്മരിക്കരുത്. 1,30,000 കോടി രൂപ ചെലവിൽ ദേശീയപാത വികസനം നടന്നുവരികയാണ്. കോഴിക്കോട് വിമാനത്താവളത്തിന് ഭൂമി ഏറ്റെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. രാജ്യത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഹബ്ബായി കേരളത്തെ മാറ്റുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. രാജ്യത്തുനിന്നും വിദേശത്തേക്ക് പോകുന്ന മൊത്തം വിദ്യാർത്ഥികളിൽ 4% കേരളത്തിൽ നിന്നുള്ളവരാണ്. സംസ്ഥാനത്ത് വിദേശ സർവ്വകലാശാല ക്യാമ്പസ്സുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുമെന്നാണ് ബജറ്റിൽ പറഞ്ഞിട്ടുള്ളത്. വിദ്യാഭ്യാസ-തൊഴിൽ, വിനോദസഞ്ചാര മേഖലകളിൽ

കാലാനുസൃതമായ മാറ്റം കൊണ്ടുവരാനാണ് ശ്രമിക്കുന്നത്. അന്താരാഷ്ട്ര സാംസ്കാരിക സമുച്ചയത്തിന്റെ പ്രാഥമിക പ്രവർത്തനങ്ങൾക്കായി 5 കോടി രൂപയും സാംസ്കാരിക ഡിജിറ്റൽ സർവ്വെ നടത്തുന്നതിനായി 3 കോടി രൂപയും സയൻസ് സിറ്റിയുടെ പ്രാഥമിക പ്രവർത്തനത്തിനായി 5 കോടി രൂപയും വകയിരുത്തുന്നു. കൊച്ചിൻ യൂണിവേഴ്സിറ്റിയിലെ എൻ.ആർ. മാധവമേനോൻ ചെയറിന് 50 ലക്ഷം രൂപ ഒറ്റത്തവണയായി നൽകുന്നതാണ്. കാക്കനാടുള്ള മീഡിയ അക്കാദമിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 3 കോടി രൂപയും പട്ടയ മിഷൻ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് 3 കോടി രൂപയും സർക്കാർ ഭൂമി സംരക്ഷണത്തിനായി 2 കോടി രൂപയും അധികമായി നികത്തിയ നെൽവയലുകൾ പൂർവ്വസ്ഥിതിയിലാക്കാൻ റിവോൾവിംഗ് ഫണ്ടായി 2 കോടി രൂപയും കാമ്പസ് ഇൻഡസ്ട്രിയൽ പാർക്കിനായി 10 കോടി രൂപയും കർഷക തൊഴിലാളി ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾക്കായി 20 കോടി രൂപയും നീക്കിവയ്ക്കുന്നു. ക്ഷീരവികസനത്തിന് ബീജബാങ്കിന് ആവശ്യമായ തുക അനുവദിക്കുന്നതാണ്. റൈസ് മില്ലുകളുടെയും റബ്കോയുടെയും പ്രവർത്തനങ്ങൾ സജീവമാക്കാനുള്ള പദ്ധതികൾ സഹകരണ മേഖലയുമായി ബന്ധപ്പെട്ട് നടപ്പാക്കാൻ മുൻകൈയെടുക്കുന്നതാണ്. എം.എൽ.എ.-മാരുടെ

ആസ്തി വികസന ഫണ്ടിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്. മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് പുതുക്കിപ്പണിയാൻ 5 കോടി രൂപയും ശാസ്താംകോട്ട കായൽ സംരക്ഷണ പ്രവർത്തനങ്ങൾക്ക് 1 കോടി രൂപയും ഗ്രാമീണ റോഡുകളുടേതടക്കം നിർമ്മാണ പ്രവർത്തനങ്ങൾക്കായി 1000 കോടി രൂപയും നവകേരള സദസ്സുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് 1000 കോടി രൂപയും SI-MET-ന്റെ 7 നഴ്സിംഗ് കോളേജുകൾക്ക് 7 കോടി രൂപയും വകയിരുത്തുന്നു. പൂരക്കളി അക്കാദമിക്കും ജി.എസ്.ടി. മേഖലയിൽ ഇൻഫോർമർ റിവാർഡ് സിസ്റ്റം ശക്തമാക്കുന്നതിനും ഫണ്ട് അനുവദിക്കുന്നതാണ്. ബജറ്റ് അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

X അറിയിപ്പ്

ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച്

മി. സ്പീക്കർ: സഭാ നടപടി ചട്ടം 142 പ്രകാരം ബജറ്റിലെ ധനാഭ്യർത്ഥനകൾ സബ്ജക്ട് കമ്മിറ്റികളുടെ സ്കൂട്ടിനിക്കും റിപ്പോർട്ടിനും അയയ്ക്കുകയാണ്. വിവിധ സബ്ജക്ട് കമ്മിറ്റികൾ 21-02-2024 മുതൽ 06-03-2024 വരെ യോഗം ചേർന്ന് ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന പൂർത്തീകരിക്കേണ്ടതാണ്.

## XI 2023-2024 സാമ്പത്തിക വർഷത്തെ ബജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ചർച്ചയും വോട്ടെടുപ്പും

2023-2024 സാമ്പത്തിക വർഷത്തെ ബജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ അവതരിപ്പിക്കുകയും അവ പിന്താങ്ങപ്പെടുകയും ചെയ്തു.

ശ്രീ. കെ. വി. സുമേഷ്: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തുടനീളം അഭിമാനകരമായ വികസന മുന്നേറ്റമുണ്ടാക്കാനും രാജ്യത്തിനാകെ മാതൃകയായ ക്ഷേമപദ്ധതികൾ നടപ്പിലാക്കാനും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന് അർഹതപ്പെട്ട ധനവിഹിതം തുടർച്ചയായി നിഷേധിക്കുന്ന കേന്ദ്ര ഗവൺമെന്റിനെതിരെ ഡൽഹിയിൽ സംഘടിപ്പിച്ച പ്രതിഷേധത്തിൽ പങ്കെടുക്കാത്ത പ്രതിപക്ഷ നിലപാട് അപലപനീയമാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സംസ്ഥാനത്തിന്റെ പൊതുകടം ഇരട്ടിയായി വർദ്ധിച്ചിട്ടുണ്ട്.

ശ്രീ. എം. വിൻസെന്റ്: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. യു.ഡി.എഫ്. ഗവൺമെന്റ് തുടക്കം കുറിച്ച വിഴിഞ്ഞം തുറമുഖ പദ്ധതി പൂർണ്ണതോതിൽ യാഥാർത്ഥ്യമാക്കാൻ സാധിക്കാത്തത് ഗവൺമെന്റിന്റെ

പിടിപ്പുകേടാണ്. അപാകതകൾ പരിഹരിച്ച് വിഴിഞ്ഞം നഷ്ടപരിഹാര പാക്കേജ് പൂർണ്ണമായി നടപ്പിലാക്കണം. വിഴിഞ്ഞം തുറമുഖത്തിന്റെ റെയിൽ കണക്ടിവിറ്റി നടപടികൾ എത്രയുംവേഗം ആരംഭിക്കണം. യു.ഡി.എഫ്. ഗവൺമെന്റ് പ്രഖ്യാപിച്ച തിരുവനന്തപുരം ഇന്ദിരാഗാന്ധി മെഡിക്കൽ കോളേജ് അട്ടിമറിച്ച നടപടി അപലപനീയമാണ്. തീരദേശ മേഖലയുടെ ബജറ്റ് വിഹിതം വർദ്ധിപ്പിക്കുകയും മത്സ്യത്തൊഴിലാളികളുടെ പ്രത്യേക ഭവന നിർമ്മാണ പദ്ധതി പുനരാരംഭിക്കുകയും പുനർഗേഹം പദ്ധതി തുക 20 ലക്ഷമായി ഉയർത്തുകയും വേണം. പ്രതികൂല കാലാവസ്ഥ കാരണം മത്സ്യബന്ധനത്തിന് പോകാൻ സാധിക്കാത്ത തൊഴിലാളികൾക്ക് 500 രൂപ വീതം ദിനബത്ത നൽകാനും തീരദേശത്ത് പട്ടയം നൽകാനും വീട് നിർമ്മാണത്തിന് തടസ്സമാകുന്ന സി.ആർ.ഇസഡ്. നിയമത്തിലെ വ്യവസ്ഥകളിൽ മാറ്റം വരുത്താനുമുള്ള നടപടി സ്വീകരിക്കണം. കെ.എസ്.ആർ.ടി.സി.-യിലെ കെടുകാര്യസ്ഥത അവസാനിപ്പിച്ച് ജീവനക്കാർക്ക് മുടങ്ങാതെ ശമ്പളം നൽകണം.

ശ്രീ. ജി. എസ്. ജയലാൽ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. രാജ്യത്ത് നഗരകേന്ദ്രീകൃത വികസനം നടക്കുകയും ഗ്രാമീണ-നഗര മേഖലകളിലെ തൊഴിലാളികളുടെ സാമ്പത്തിക വളർച്ചാ നിരക്ക് കുറയുകയും

ചെയ്യുന്ന ഘട്ടത്തിൽ സംസ്ഥാനത്തെ എല്ലാ മേഖലകൾക്കും പ്രാധാന്യം നൽകി സാധാരണക്കാരന്റെ ക്രയ-വിക്രയശേഷി വർദ്ധിപ്പിച്ച് ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുതകുന്ന ബജറ്റാണ് അവതരിപ്പിച്ചതെന്നത് ശ്രദ്ധേയമാണ്. മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി കാർഷിക-കാർഷികേതര, നിർമ്മാണ മേഖലകളിലെ തൊഴിലാളികൾക്ക് മികച്ച പ്രതിദിന വേതനം ലഭ്യമാക്കി ഗ്രാമീണ സമ്പദ്ഘടനയിൽ തിളക്കമാർന്ന നേട്ടമുണ്ടാക്കാൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. ആരോഗ്യ-വിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തി കൂടുതൽ ജനങ്ങളെ ആകർഷിക്കാൻ സാധിച്ചതും 42 ലക്ഷം കുടുംബങ്ങൾക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കിയതും മൂന്നര ലക്ഷത്തോളം കുടുംബങ്ങൾക്ക് പാർപ്പിടം അനുവദിച്ചതും നഗരങ്ങളിൽ അയ്യൻകാളി തൊഴിലുറപ്പ് പദ്ധതി നടപ്പാക്കി പതിമൂവായിരം കുടുംബങ്ങൾക്ക് നൂറ് ദിവസം തൊഴിൽ കൊടുക്കാൻ കഴിഞ്ഞതും പി.എസ്.സി. മുഖേന കൂടുതൽ നിയമനങ്ങൾ നടത്താനായതും സർക്കാരിന്റെ എടുത്തു പറയത്തക്ക നേട്ടങ്ങളാണ്.

ശ്രീ. യു. എ. ലത്തീഫ്: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. വിദേശ സർവ്വകലാശാലകൾ സ്ഥാപിക്കുമെന്നും സ്വകാര്യ മൂലധനം ആകർഷിക്കുമെന്നുമുള്ള ബജറ്റ് പ്രഖ്യാപനം സർക്കാർ നയത്തിനെതിരാണ്.

നവകേരള സദസ്സ് സംഘടിപ്പിച്ചതും അതിനായി തുക വകയിരുത്തിയതും സർക്കാർ ധൂർത്തിന്റെ തെളിവാണ്. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റവും വെള്ളം, വൈദ്യുതി ചാർജ്ജുകളുടെ വർദ്ധനവും ജനജീവിതം ദുസ്സഹമാക്കുകയാണ്. സർക്കാർ ജീവനക്കാർക്ക് അർഹമായ ആനുകൂല്യങ്ങൾ അനുവദിക്കാതെയും പെട്രോൾ-ഡീസൽ സെസ് പിൻവലിക്കാതെയും ഈ സർക്കാർ ജനങ്ങളെ ദുരിതത്തിലാക്കുകയാണ്. ചെക്ക് കേസുകൾക്കും കുടുംബ കോടതികളിൽ വസ്തു സംബന്ധമായ കേസ് ഫയൽ ചെയ്യുന്നതിനും ഫീസ് വർദ്ധിപ്പിച്ച നടപടി ഒഴിവാക്കണം. മഞ്ചേരി മെഡിക്കൽ കോളേജിനും ജില്ലാ ജനറൽ ആശുപത്രി വികസനത്തിന് ഭൂമിയേറ്റെടുക്കുന്നതിനും ബജറ്റിൽ തുക വകയിരുത്തണം. ജസീല ജംഗ്ഷൻ- ചെരണി റോഡ് പുനരുദ്ധാരണത്തിനും പുല്ലൂർ യു.പി. സ്കൂൾ ഹൈസ്കൂളായി ഉയർത്തുന്നതിനും എലമ്പ്രയിൽ എൽ.പി. സ്കൂൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. ജോബ് മൈക്കിൾ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നികുതി പിരിവ് കാര്യക്ഷമമാക്കിയും മികച്ച ധനകാര്യ മാനേജ്മെന്റിലൂടെയും തനതുവരുമാനത്തിൽ വർദ്ധനവുണ്ടാക്കാനും മികച്ച ആളോഹരി വരുമാനമുള്ള അഞ്ച് സംസ്ഥാനങ്ങളിലൊന്നായി മാറാനും കേരളത്തിന് സാധിച്ചിട്ടുണ്ട്. ലൈഫ് പദ്ധതിയിലൂടെ മൂന്നര ലക്ഷം വീടുകൾ അനുവദിക്കുകയും റബ്ബറിന്റെ

വിലസ്ഥിരതാ ഫണ്ട് വർദ്ധിപ്പിക്കുകയും നെൽകൃഷിക്കാർക്കുവേണ്ടി 100 കോടി രൂപ അനുവദിക്കുകയും ചെയ്ത നടപടി അഭിനന്ദനാർഹമാണ്. ക്ഷേമപെൻഷൻ മുടക്കാൻ ശ്രമിക്കുന്ന കേന്ദ്രസർക്കാർ നടപടി അപലപനീയമാണ്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്ത് കർഷക ആത്മഹത്യയും തൊഴിലില്ലായ്മയും വർദ്ധിക്കുന്നതും പഠനത്തിനായി വിദ്യാർത്ഥികൾ വിദേശത്തേയ്ക്കുപോകേണ്ടിവരുന്ന അവസ്ഥയും ആശങ്കാജനകമാണ്. വാർദ്ധക്യകാലപെൻഷൻ കൃത്യമായി നൽകാനും വന്യമൃഗശല്യം തടയാനും നടപടി സ്വീകരിക്കാത്തത് അപലപനീയമാണ്.

ശ്രീമതി ഒ. എസ്. അംബിക: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുവിദ്യാലയങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും ഓരോ നിയോജകമണ്ഡലത്തിലെയും ഒരു സ്കൂളിനെ മാതൃകാ സ്കൂളാക്കാനും സംസ്ഥാന സർക്കാർ സ്വീകരിക്കുന്ന നടപടി പ്രശംസനീയമാണ്. ഉച്ചഭക്ഷണ പദ്ധതിക്കുള്ള ഫണ്ടും യു.ജി.സി. ശമ്പളകുടിശ്ശികയും നിഷേധിക്കുന്ന കേന്ദ്രസർക്കാർ നിലപാട് പ്രതിഷേധാർഹമാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾ കേരളത്തിന് ബാധ്യതയായി മാറുന്ന

സാഹചര്യമാണ് നിലനിൽക്കുന്നത്. വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡ് ആറ്റിങ്ങൽ മണ്ഡലത്തിലെ കേശവപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ രണ്ടായി വിഭജിച്ച് കടന്നുപോകുന്നതിനാൽ പകരം ഭൂമി വാങ്ങാൻ തുക അനുവദിക്കണം.

ശ്രീ. ജി. സ്റ്റീഫൻ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തനത് നികുതി വരുമാനത്തിൽ വർദ്ധനവ് കൈവരിക്കാൻ സാധിച്ചെങ്കിലും കേന്ദ്ര വിഹിതത്തിൽ കുറവ് സംഭവിച്ചത് സംസ്ഥാനത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. VAT-ൽ നിന്നും ജി.എസ്.ടി. സംവിധാനത്തിലേയ്ക്ക് നികുതി ഘടന മാറിയതിലൂടെ കേരളത്തിന് വരുമാനനഷ്ടമുണ്ടായിട്ടുണ്ട്. കിഫ്ബി, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്നിവ മുഖാന്തരം എടുത്ത വായ്പകൾ കടമെടുപ്പ് പരിധിയിൽനിന്നും വെട്ടിക്കുറച്ചതും സാമൂഹ്യക്ഷേമ പെൻഷനുകൾക്കുള്ള കേന്ദ്ര വിഹിതം നൽകാത്തതുമായ നടപടി പ്രതിഷേധാർഹമാണ്.

ശ്രീ. പി. ടി. എ. റഹീം: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായി കൊണ്ടുവന്ന മാർഗ്ഗദീപവും വിധവകൾ, ഭർത്താവ് ഉപേക്ഷിച്ചവർ തുടങ്ങിയ ന്യൂനപക്ഷ സ്ത്രീകൾക്ക് സഹായം നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതികളും സ്വാഗതാർഹമാണ്. കണ്ണൂർ

വിമാനത്താവളത്തിൽ ഹജ്ജ് തീർത്ഥാടനവുമായി ബന്ധപ്പെട്ട് സൗകര്യങ്ങൾ ഒരുക്കുന്നതിനും നവകേരള സദസ്സിലെ നിർദ്ദേശങ്ങൾ നടപ്പാക്കാനും മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിക്കും കുടുംബശ്രീക്കും ബജറ്റിൽ തുക വകയിരുത്തിയത് അഭിനന്ദനാർഹമാണ്. സാമൂഹ്യക്ഷേമ പെൻഷനുകൾ വിതരണം ചെയ്യാനുള്ള കേന്ദ്ര വിഹിതം നൽകാത്ത നടപടി പ്രതിഷേധാർഹമാണ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ന്യൂനപക്ഷക്ഷേമം, ശുചിത്വ മിഷൻ, പ്രവാസിക്ഷേമം എന്നിവയ്ക്കുവേണ്ടി വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിച്ചിട്ടില്ല. നികുതിയേതര വരുമാനം വർദ്ധിപ്പിക്കാത്തതിനാൽ സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി പരിതാപകരമാണ്. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റവും സംസ്ഥാനത്തിന്റെ താഴ്ന്ന ഉപഭോഗ ഉപയുക്തതയും പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. സംസ്ഥാനത്തെ നികുതി കുടിശ്ശിക പിരിച്ചെടുക്കാനുള്ള നിർദ്ദേശങ്ങൾ ബജറ്റിൽ പരാമർശിച്ചിട്ടില്ല.

ശ്രീ. കെ. ജെ. മാക്സി: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സർവ്വതലസ്പർശിയായ വികസനവും ദ്രുതഗതിയിലുള്ള സാമ്പത്തിക

വളർച്ചയും കൈവരിക്കാൻ സാധിക്കുന്ന ബജറ്റാണിത്. അടുത്ത മൂന്നുവർഷത്തിനകം മൂന്നുലക്ഷം കോടി രൂപയുടെ നിക്ഷേപം ആകർഷിക്കാൻ കഴിയുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുന്ന നടപടി ശ്ലാഘനീയമാണ്. സാമൂഹ്യസുരക്ഷാ പെൻഷനുകളും ജീവനക്കാർക്കും പെൻഷൻകാർക്കും ഒരു ഗഡു ക്ഷാമബത്തയും നൽകുമെന്നുമുള്ള പ്രഖ്യാപനം സ്വാഗതാർഹമാണ്. അതിവേഗ ടൂറിസം പദ്ധതി, കൊച്ചി തുറമുഖ വികസനം, വ്യവസായ ഇടനാഴികൾ, ഐ.ടി. അധിഷ്ഠിത മേഖലയുടെ വികസനം, സംസ്ഥാനത്തെ മെഡിക്കൽ ഹബ്ബാക്കുന്ന നടപടി, 25 പുതിയ സ്വകാര്യ-വ്യവസായ പാർക്കുകൾ ആരംഭിക്കാനുള്ള നടപടി, റബ്ബറിന്റെയും നാളികേരത്തിന്റെയും താങ്ങുവില വർദ്ധിപ്പിക്കൽ എന്നിവ അഭിനന്ദനാർഹമാണ്. ചൈനീസ് മാതൃകയിലുള്ള പ്രത്യേക വികസന സോണുകൾ, കെയർ സെന്ററുകൾ, ആരോഗ്യ സുരക്ഷാഫണ്ട്, അങ്കണവാടി ജീവനക്കാർക്ക് ഇൻഷ്വറൻസ്, കെ-ലിഫ്റ്റ് പദ്ധതി എന്നിവ ബജറ്റിലെ പുതിയ പ്രഖ്യാപനങ്ങളാണ്. നിർമ്മാണ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും നവകേരള സദസ്സിലെ നിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് തുക വകയിരുത്തിയതും സ്വാഗതാർഹമാണ്.

നികുതി കുടിശ്ശിക അടച്ചുതീർക്കാൻ ഒറ്റത്തവണ തീർപ്പാക്കൽ നടപ്പാക്കുന്നത് ആശ്വാസകരമാണ്.

ശ്രീ. എം. മുകേഷ്: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ സാമ്പത്തിക ഉപരോധത്തെ മറികടക്കാൻ സർക്കാർ നടത്തുന്ന ശ്രമങ്ങൾ ശ്ലാഘനീയമാണ്. നവകേരള സദസ്സിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾക്കുള്ള പ്രോജക്ട് രൂപീകരണത്തിന് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ കീഴിൽ 35 കോടി രൂപ വകയിരുത്തിയതും വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഓരോ നിയമസഭാ മണ്ഡലത്തിലും 25 ലക്ഷം രൂപ വീതം അനുവദിച്ചതും നവകേരള സദസ്സുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾക്കായും സംസ്ഥാനത്തെ വിവിധ വികസന പദ്ധതികൾക്കായും 1000 കോടി രൂപ ചെലവഴിക്കുമെന്ന് പ്രഖ്യാപിച്ചതും സ്വാഗതാർഹമാണ്. മത്സ്യത്തൊഴിലാളികൾ കടലിൽവച്ച് ഏത് സാഹചര്യത്തിൽ മരണപ്പെട്ടാലും 5 ലക്ഷം രൂപ നൽകുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്.

ശ്രീ. തോമസ് കെ. തോമസ്: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നിരവധി പ്രതിസന്ധികൾക്കിടയിലും രാജ്യത്തെ ഏറ്റവും മികച്ച ഭരണനിർവ്വഹണം നടത്തുന്ന സംസ്ഥാനമെന്ന പദവി നിലനിർത്തി കേരളം

മുന്നോട്ടുപോകുന്നത് അഭിമാനകരമാണ്. കേന്ദ്ര സർക്കാർ സാമ്പത്തികമായി ഞെരുക്കുമ്പോഴും കൃത്യമായ വികസന ക്ഷേമ പദ്ധതികൾ നടപ്പിലാക്കി അവശ ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി നിശ്ചയദാർഢ്യത്തോടെയാണ് സർക്കാർ പ്രവർത്തിക്കുന്നത്. കുട്ടനാടിന് കൃത്യമായ പദ്ധതിവിഹിതം ലഭ്യമാക്കിയതും എ.സി. റോഡിന് 700 കോടി രൂപയും കുടിവെള്ള പദ്ധതിക്കായി 400 കോടി രൂപയും ഗ്രാമീണ റോഡുകളുടെ നവീകരണത്തിന് 100 കോടി രൂപയും പുളിങ്കുന്ന് താലൂക്കാശുപത്രി വികസനത്തിന് 144 കോടി രൂപയും അനുവദിച്ചതും സ്വാഗതാർഹമാണ്.

<u>ശ്രീ. പി. ഉബൈദുള്ള</u>: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ജൽ ജീവൻ പദ്ധതിയുടെ ഭാഗമായി വെട്ടിപ്പൊളിച്ച ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് പഞ്ചായത്തുകൾക്ക് സ്പെഷ്യൽ ഗ്രാന്റ് അനുവദിക്കണം. സർക്കാർ ആശുപത്രികളിൽ മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തണം. കാസ്പ്, ആരോഗ്യ ഇൻഷ്വറൻസ് തുടങ്ങിയ പദ്ധതികളിന്മേൽ പ്രൈവറ്റ് ആശുപത്രികൾക്ക് വലിയ തുക കുടിശ്ശിക കൊടുക്കാനുണ്ട്. എ.ഐ.പി. സ്കൂളുകളിലെ നിയമനങ്ങളും ലീവ് വേക്കൻസിയും സംരക്ഷിത അദ്ധ്യാപകർക്കുവേണ്ടി നീക്കിവയ്ക്കണമെന്ന പുതിയ ഉത്തരവ് തിരുത്തി എയ്ഡഡ് പദവി നൽകുകയും സർവ്വീസ്

സംബന്ധിച്ച് വ്യക്തത വരുത്തുകയും വേണം. കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി സെസ് പുനഃസ്ഥാപിക്കുന്നത് ഖേദകരമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മെമ്പർമാരുടെ ഓണറേറിയം വർദ്ധിപ്പിക്കുകയും മുൻ മെമ്പർമാർക്ക് പെൻഷൻ അനുവദിക്കുകയും വേണം.

ശ്രീ. വി. ആർ. സുനിൽ കുമാർ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വിവിധ മേഖലകളിലെ സമ്മർദ്ദങ്ങളെയും പ്രതിസന്ധികളെയും അതിജീവിച്ച് സുസ്ഥിര വികസനമാണ് സംസ്ഥാനത്ത് നടപ്പാക്കുന്നത്. എല്ലാ ജനവിഭാഗങ്ങളെയും ചേർത്തുപിടിച്ച് മുന്നേറാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കേരള പുരോഗതിക്ക് തുരങ്കം വയ്ക്കുന്ന കേന്ദ്ര നടപടികൾക്കെതിരെ പ്രതിപക്ഷം പ്രതിഷേധിക്കാത്തത് ഖേദകരമാണ്. വ്യവസായ മേഖലയിൽ നവസംരംഭകത്വത്തിന് ഉയർച്ചയും വളർച്ചയും പ്രാപ്തമാക്കാനും പരമ്പരാഗത വ്യവസായത്തിന് കൈത്താങ്ങ് നൽകാനും പൊതുമേഖലാ സ്ഥാപനങ്ങളെ രക്ഷിക്കാനുമുള്ള കാഴ്ചപ്പാടുകൾ അഭിനന്ദനാർഹമാണ്.

ശ്രീ. എം. എം. മണി: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സമസ്ത മേഖലകളെയും അവഗണിച്ചുകൊണ്ടുള്ള കേന്ദ്ര ബജറ്റിൽനിന്നും

വ്യത്യസ്തമായി സംസ്ഥാനത്തിന്റെ വളർച്ചയ്ക്ക് ഉത്തേജനം നൽകുന്ന ബജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. അഭിമാനകരമായ വികസന മുന്നേറ്റമുണ്ടാക്കി രാജ്യത്തിനാകെ മാതൃകയായ പദ്ധതികൾ നടപ്പിലാക്കാൻ സംസ്ഥാന സർക്കാരിന് സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന് ലഭിക്കേണ്ട വിഹിതം തുടർച്ചയായി നിഷേധിക്കുന്ന കേന്ദ്ര ഗവൺമെന്റിനെതിരെ ഡൽഹിയിൽ സംഘടിപ്പിച്ച പ്രതിഷേധത്തിൽ പങ്കെടുക്കാത്ത പ്രതിപക്ഷ നിലപാട് അപലപനീയമാണ്. പ്രതിപക്ഷം ഗവൺമെന്റിനോട് സ്വീകരിക്കുന്ന നിഷേധാത്മക നിലപാട് പുന:പരിശോധിക്കണം.

ശ്രീ. ഷാഫി പറമ്പിൽ: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ജനകീയ പ്രശ്നങ്ങളിൽ ഇടപെട്ടുകൊണ്ട് ഉന്നയിക്കേണ്ട കാര്യങ്ങൾ പാർലമെന്റിലും നിയമസഭയിലും പ്രതിപക്ഷം കൃത്യമായി ഉന്നയിക്കുന്നുണ്ട്. സർക്കാർ സഭയിൽ പറയുന്ന കണക്കുകളും ബജറ്റിൽ പറയുന്ന കണക്കുകളും വ്യത്യസ്തമാണ്. വസ്തുതകളെ വസ്തുതകളായി കണ്ട് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെപ്പറ്റി സംശയങ്ങൾ ഉന്നയിക്കാൻ പ്രതിപക്ഷാംഗങ്ങൾക്ക് അവകാശമുണ്ട്.

ധനകാര്യ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സംസ്ഥാനങ്ങളുടെ

കടമെടുപ്പ് പരിധി നിർണ്ണയിക്കുന്ന പരമാധികാരം സംസ്ഥാന നിയമസഭകൾക്കുള്ളതാണ്. നിയമസഭ 2003-ൽ പാസ്സാക്കിയ നിയമത്തിനനുസരിച്ച് കടമെടുക്കാൻ സംസ്ഥാനത്തിന് അനുവാദം ലഭിച്ചിരുന്നെങ്കിൽ 2016 മുതൽ കഴിഞ്ഞ ഏഴുവർഷത്തിനുള്ളിൽ 1,07,000 കോടി രൂപയുടെ അധിക വിഭവസമാഹരണം ആർജ്ജിക്കാൻ സംസ്ഥാനത്തിന് കഴിയുമായിരുന്നു. സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതിവിഹിത കുടിശ്ശിക അനുവദിക്കാത്തതും ഗ്രാന്റ് കുറച്ചതും വായ്പാനുമതി നിഷേധിച്ചതുമായ കേന്ദ്ര നടപടി പ്രതിഷേധാർഹമാണ്. അന്തിമ ഉപധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വാർത്താ വിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വാഹന നികുതികൾ എന്ന IX-ാം നമ്പർ

ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ശുദ്ധജലവിതരണവും

ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സാമൂഹ്യസുരക്ഷിതത്വവും

ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ശബ്ദവോട്ടോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

ചർച്ച കൂടാതെ പാസ്സാക്കേണ്ട സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സഭ ഐകകണ്ഠ്യേന പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(സഭ രാത്രി 7.35-ന് പിരിഞ്ഞു.)

***********